# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി6/1553/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 11/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി6/1553/2023 തീയ്യതി: 11/10/2023

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 18-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 29-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 29-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതവാണി എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷിജില വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ദാമോദരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.പി.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രുതിലക്ഷ്മി.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അരവിന്ദ്.ഇ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-04-2022 |
| ശ്രീമതി.റംസീന.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-04-2022 | 06-10-2022 |
| ശ്രീ.സന്തോഷ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2022 | 31-03-2023 |
| ഡോ.ഷൈനി.കെ | വെറ്റിനറി സർജൻ | 01-04-2022 | 19-04-2022 |
| ഡോ.ക്രിസ്റ്റീന ജോൺ | വെറ്റിനറി സർജൻ | 20-04-2022 | 31-03-2023 |
| ഡോ.ജയകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീതി.പി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷിഞ്ജ.ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 26-01-2023 |
| ശ്രീമതി.ജിൻസി മോൾ ജോർജ്ജ് | ഐ സി ഡി എസ് സൂപ്പർവൈസർ | 27-01-2023 | 31-03-2023 |
| ശ്രീമതി.ബിന്ദു.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ടി.ആർ.രാജേഷ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മായ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.അഷിത.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെമ്പിലോട് സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ.വിപിൻ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇരിവേരി സർക്കിൾ) | 01-04-2022 | 01-11-2022 |
| ശ്രീമതി.അഷിത.സി.എം | വില്ലേജ് എക്സ്റ്റൻഷൻ | 02-11-2022 | 06-11-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ഇരിവേരി സർക്കിൾ) | | |
| ശ്രീ.സാജിദ് തൈക്കണ്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഇരിവേരി സർക്കിൾ) | 07-11-2022 | 31-03-2023 |
| ശ്രീ.മുഹമ്മദലി.വി | ഹെഡ് മാസ്റ്റർ | 01-04-2022 | 30-04-2022 |
| ശ്രീമതി.ശ്രീജ പി.വി | ഹെഡ് മിസ്ട്രസ്സ് ഇൻചാർജ്ജ് | 01-05-2022 | 08-06-2022 |
| ശ്രീ.പ്രവീൺ കുമാർ | ഹെഡ് മാസ്റ്റർ | 09-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തന്‍വര്‍ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയില്‍ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മില്‍ വ്യത്യാസമായി ചേര്‍ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയ ബന്ധിതമായി ഡിമാന്‍ഡ് എന്‍ട്രി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റര്‍ കാലികമാക്കിയിട്ടില്ല. | 1-1-4 |
| 6 | നോട്സ് ഓണ്‍ അക്കൌണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | വായ്പ ഇനത്തില്‍ തിരിച്ച് കിട്ടാനുള്ള തുക ബി-15 ഷെഡ്യൂളില്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | കേന്ദ്രധനകാര്യ കമ്മീഷന്‍ ഗ്രാന്റ് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാര്‍ഷീക ധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കാപ്പിറ്റല്‍ കോണ്‍ട്രിബ്യൂഷന്‍ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 16 | ക്ഷേമപെന്‍ഷന്‍ അപാകങ്ങള്‍ | 1-7-1 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ഗ്രാമ സഭ | 1-10 |
| 20 | തൊഴില്‍നികുതി അപാകങ്ങള്‍ | 1-11 |
| 21 | വാടക - അപാകങ്ങള്‍ | 1-12 |
| 22 | പാരാമെഡിക്കല്‍ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നു | 1-13 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകള്‍ പഞ്ചായത്ത് ഫണ്ടില്‍ മുതല്‍ കൂട്ടിയിട്ടില്ല | 1-14 |
| 24 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടില്‍ സൂക്ഷിക്കുന്നത് -പലിശയിനത്തില്‍ വരുമാന നഷ്ടമുണ്ടാകുന്നു | 1-15 |

| | | |
|---|---|---|
| 25 | ഇ-ടെണ്ടർ- ടെണ്ടർ ഫീ ₹6,91,609 ലഭിച്ചിട്ടില്ല | 1-16 |
| 26 | സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല - ₹177000 തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക അടവാക്കിയത് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 29 | ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം അടവാക്കൽ - കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പിഴ ഉൾപ്പെടെയുള്ള ₹10,66,352 കുടിശ്ശിക നൽകി - ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-20 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കൽ - കെ എസ് ഇ ബി ക്ക് സൂപ്പർവിഷൻ ചാർജ് അടവാക്കിയത് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ₹15130 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | കേളപ്പൻ മുക്ക് -പള്ളിപൊയിൽ റോഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹31330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 32 | കോമത്ത് കുന്നുംമ്പ്രം ടോയ് ലറ്റ് കോംപ്ലക്സ് - റീടെൻഷൻ തുക ₹34,597 അധികം പിൻവലിച്ചത് തിരിച്ചടക്കേണ്ടതാണ് | 1-23 |
| 33 | കോമത്ത് കുന്നുംമ്പ്രം കിണർ നിർമ്മാണം - റീടെൻഷൻ ₹1,227 ഫണ്ടിൽ നിന്നും അധികം പിൻവലിച്ചത് തിരിച്ചടക്കേണ്ടതാണ് | 1-24 |
| 34 | തെക്കയിൽ കൊള്ളിയാൻ റോഡ് ടാറിംഗ് കാലിബാരൽ വില കരാറുകാരന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു-₹5236 നിരാകരിക്കുന്നു | 1-25 |
| 35 | തന്നട ഇ എം എസ് മന്ദിരം റോഡ് ടാറിംഗ്-പ്രവൃത്തി ദീർഘീകരണത്തിന് പിഴ ഈടാക്കാത്തത് | 1-26 |
| 36 | മൃഗാശുപത്രികെട്ടിടം അറ്റകുറ്റപണി - പ്രവൃത്തി ദീർഘീകരണത്തിന് ഫൈൻ ഈടാക്കാത്തത് | 1-27 |
| 37 | ആസ്തി പരിപാലനം | 1-28 |
| 38 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-29 |
| 39 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ അപാകങ്ങൾ | 1-30 |
| 40 | ആരോഗ്യ കേന്ദ്രങ്ങളി**ൽ** ഹെ**ൽ**ത്ത് ആ**ൻ**ഡ് വെൽനസ് പ്രവ**ർ**ത്തനങ്ങ**ൾ** | 1-30-1 |

| | | |
|---|---|---|
| | നടപ്പാക്കൽ-ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-₹130152 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 41 | ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പ്രോജക്ട്- ക്വട്ടേഷനില്ലാതെ നേരിട്ട് ഉപകരണങ്ങൾ വാങ്ങി- 56698/- തടസ്സപ്പെടുത്തുന്നു. | 1-30-2 |
| 42 | കണ്ണൂർ ഫൈറ്റ്സ് കാൻസർ- കാൻസർ നിയന്ത്രണ പരിപാടി -ക്വട്ടേഷൻ, സ്റ്റോക്ക്,വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.₹55000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30-3 |
| 43 | ആർദ്രം സമഗ്രാരോഗ്യം- വാഹനവാടക നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല -40218/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30-4 |
| 44 | സാന്ത്വന പരിചരണം പ്രോജക്ട്- സാധനങ്ങൾ സ്റ്റോക്കിലെടുത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-₹ 11086 തടസ്സപ്പെടുത്തുന്നു. | 1-30-5 |
| 45 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല – ₹199168 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 46 | അങ്കണവാടി പോഷകാഹാരം -വിവിധ അപാകങ്ങൾ | 1-32 |
| 47 | അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടത് | 1-32-1 |
| 48 | ഭക്ഷണസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൽ വ്യത്യാസം ₹3710 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32-2 |
| 49 | വിവിധ പദ്ധതിയുടെ ഭാഗമായുള്ള പരിശീലന പരിപാടി പദ്ധതി നടത്തിപ്പിലെ -അപാകങ്ങൾ | 1-33 |
| 50 | പരിശീലന പരിപാടി രേഖകളുടെ അഭാവത്തിൽ ₹12500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33-1 |
| 51 | സമഗ്ര ബാലസഭാവികസനം -രേഖകളുടെ അഭാവത്തിൽ ₹ 59000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33-2 |
| 52 | കുട്ടികൾക്ക് നീന്തൽ പരിശീലനം-രേഖകളുടെ അഭാവത്തിൽ ₹14850 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-33-3 |
| 53 | ഒഴിഞ്ഞ ടാർ ബാരൽവിലയുടെ ജി എസ് ടി ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-34 |
| 54 | ലൈഫ് മിഷൻ ഭവന വായ്പ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-35 |
| 55 | തനത് വരുമാനം-അവലോകനം | 1-36 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---


| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04.07.2023 ലെ 132/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

11-10-2023 ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6795757.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5335294.00

ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനമായ വരവുകളുടെ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി സാമ്പത്തിക വർഷവസാനം 31-3-2023 നാണ് ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-5 നോട്സ് ഓൺ അക്കൌണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-6 വായ്പ ഇനത്തിൽ തിരിച്ച് കിട്ടാനുള്ള തുക ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തികവർഷത്തിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ₹404542 കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക B15 ൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-7 കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷീക ധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്
1.സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് ₹9387862 യും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ₹9447677 രൂപയുമാണ്. Rennovation Of Industrial Estate Building For Buds School എന്ന പ്രേജക്ടിന്റെ ₹59815 രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.
2. B4 പ്രകാരമുള്ള തുകയും B17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

### 1-1-8 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.

## 1-2 ബജറ്റ്

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| തീരുമാനം നമ്പർ/തീയതി | 1/53/2022 തീയതി 25/03/2022 | 1/41/2023 തീയതി 09/03/2023 |
| മുന്നിരിപ്പ് | 15018199.00 | 46216080.00 |
| വരവ് | 301754600.00 | 245945288.00 |
| ആകെ | 316772799.00 | 292161368.00 |
| ചെലവ് | 302885000.00 | 267220582.00 |
| നീക്കിയിരിപ്പ് | 13887799.00 | 24940786.00 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 58792926.95 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 57171639. 00 |
| ആകെ | 115964565.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50375882.00 |
| നീക്കിയിരിപ്പ് | 65588683.95 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,63,254 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ട്രഷറി വരവ്, ടൈഡ്, അൺടൈഡ്, സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്താത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | | 0 | 24037000 | 24037000 | 23034234 | 1002766 |
| വികസന ഫണ്ട് (എസ് സി പി) | | 0 | 1199000 | 1199000 | 1199000 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 0 | 11894000 | 11894000 | 7148236 | 4745764 |
| മെയിന്റനൻസ് ഫണ്ട് (നോൺ -റോഡ്) | | 0 | 6450000 | 6450000 | 3371633 | 3078367 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക്ക് | ട്രഷറി | 0 | 405924 | 405924 | 404588 | 1336 |
| | ബേങ്ക് | 610316 (പലിശ സഹിതം) | 4141797 | 4752113 | 4663718 | 88395 |
| | ആകെ | 610316 | 4547721 | 5158037 | 5068306 | 89731 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | ട്രഷറി | 0 | 2007619 | 2007619 | 1032438 | 975181 |
| | ബേങ്ക് | 3106750 (പലിശ | 5926000 | 9032750 | 3287118 | 5745632 |

| | | | | | | |
|---|---|---|---|---|---|---|
| | | സഹിതം) | | | | |
| | ആകെ | 3106750 | 7933619 | 11040369 | 4319556 | 6720813 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| നാഷണൽ ഹെൽത്ത് മിഷൻ | | 0 | 450000 | 450000 | 378149 | 71851 |
| സ്വച്ഛ് ഭാരത് അഭിയാൻ | | 0 | 132831 | 132831 | 132831 | 0 |
| ടോട്ടൽ സാനിട്ടേഷൻ കാംപെയിൻ | | 751540 | 0 | 751540 | 0 | 751540 |
| ഐെസിഡിഎസ് | | 1066213 | 1753724 | 2819937 | 349822 | 2470115 |
| തൊഴിലുറപ്പ് പദ്ധതി | | 2912 | 14366006 | 14368918 | 14361464 | 7454 |
| എം പി ഫണ്ട് | | 5784 | 170 | 5954 | 0 | 5954 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാ സ്ട്രക്ചർ | | 0 | 371506 | 371506 | 366812 | 4694 |
| ഹെൽത്ത് ഗ്രാന്റ്- കൺവേർഷൻ ഓഫ് പി എച്ച് സി ആന്റ് സബ്സെന്റർ ടു വെൽനെസ് സെന്റേർസ് | | 0 | 212313 | 212313 | 209872 | 2441 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| അദർ സ്കീം | | 4 | | 4 | | 4 |
| റൂറൽ ഹൗസിംഗ് | | 0 | 3640000 | 3640000 | 340000 | 3300000 |
| ഗ്രാന്റ്സ്, ഫണ്ട്സ് ഫോർ അദർ പർപ്പസസ് | | 49500 | 0 | 49500 | 40000 | 9500 |
| ഗ്രാന്റ്സ്, ഫണ്ട്സ് ഫോർ അദർ ഗവൺമെന്റ് ഏജൻസീസ് | | 1318362 | 0 | 1318362 | 0 | 1318362 |
| മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് | | 0 | 201446 | 201446 | 0 | 201446 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ആകെ അടങ്കൽ | ഭാഗികമായി | ചെലഴിച്ച തുക | നടപ്പാക്കാത്താവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | എണ്ണം | തുക | നടപ്പാക്കിയത് എണ്ണം | | എണ്ണം | പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 160 | 12,03,11,748 | 54 | 6,58,45,061 | 56 | 49 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 10 | 2459999 | 1710077 | 69.52 |
| വെറ്റിനറി സർജൻ | 11 | 11 | 3460950 | 2684870 | 77.58 |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | 8 | 6 | 3533300 | 2010489 | 56.90 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 805000 | 783256 | 97.30 |
| അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 133425 | 103720 | 77.74 |
| വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 19 | 18 | 24082400 | 14118843 | 58.63 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 11 | 9301609 | 7439098 | 79.98 |
| സെക്രട്ടറി | 45 | 31 | 18602220 | 9329636 | 50.15 |
| ഹെഡ്മാസ്റ്റർ | 8 | 6 | 4156481 | 3269962 | 78.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 57 | 51925156 | 22851568 | 44.00 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 637000 | 91.00 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 1151208 | 906542 | 78.75 |
| ആകെ | 216 | 160 | 120311748 | 65845061 | 54.72 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2912 | 753223 | 756135 | 748681 | 7454 |
| തൊഴിലാളികളുടെ കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ) | 0 | 13612783 | 13612783 | 13612783 | 0 |
| ആകെ | 2912 | 14366006 | 14368918 | 14361464 | 7454 |

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3473 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 503 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇവരിൽ 218 പേർ 100 തൊഴിൽ ദിനങ്ങൾ ജോലി ചെയ്തിട്ടുണ്ട്. ആകെ35,895 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി മാത്രം ബന്ധപ്പെട്ട പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 42,59,200 | 394 |
| വിധവ പെൻഷൻ | 1,47,95,800 | 1384 |
| വാർദ്ധക്യകാല പെൻഷൻ | 2,99,57,200 | 3014 |
| വികലാംഗ പെൻഷൻ | 41,97,800 | 403 |
| അവിവാഹിത പെൻഷൻ | 26,82,400 | 253 |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-7-1 ക്ഷേമപെൻഷൻ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2022-23വർഷം ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്റ്ററിലെ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|---|---|---|---|
| മറിയുമ്മ. എ.കെ.വി | 460408514383 | 111000202344 | 606/21.8.2022 | 3.8.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6/23 വരെ | മാട്ടൂൽ ഗ്രാമ പഞ്ചായത്ത് |
| കണ്ടിക്കൽ മുസ്തഫ | 975347467961 | 112590209752 | 209/19.3.22 | 16.2.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6/23 വരെ | കണ്ണൂർ കോർപ്പറേഷൻ |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ആധാർ കാർഡ് പരിശോധിച്ച് പെൻഷൻ ഗുണഭോക്താവാണെങ്കിൽ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആ സ്ഥാപനത്തെ അറിയിക്കുകയും ചെയ്യാറുണ്ടെന്നും 2022 വർഷത്തിൽ ഇപ്രകാരം 416 ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട് എന്നും, 2022-23 വർഷം ആകെ ₹1,42,400 സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടവാക്കിയിട്ടുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (38/27.9.2023) മറുപടി നൽകിയത്. അനർഹർക്ക് പെൻഷൻ നൽകാനിടയാവുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ ഭാവിയിലും തുടരേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-09-2023ന് 2.30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25647 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാ മാസവും ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവ് യഥാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്രമായ ജോലി വിഭജന രേഖ ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ 100% പിരിച്ചെടുത്തിട്ടുണ്ട്. നികുതി പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഓൺലൈൻ ഇടപാടുകൾക്കായി തുടങ്ങിയ കറണ്ട് അക്കൗണ്ടിൽ നിന്നും നിശ്ചിത ഇടവേളകളിൽ തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ പലിശയിനത്തിൽ നഷ്ടം ഉണ്ടാവുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണ്.

## 1-10 ഗ്രാമ സഭ

2022-23 വർഷം 5/22, 8/22, 12/22 എന്നീ മാസങ്ങളിലായാണ് ഗ്രാമ സഭകൾ യോഗം ചേർന്നിട്ടുള്ളത്. ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. 2020-21 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

## 1-11 തൊഴിൽനികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A)താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ജീവനക്കാരന്റെ പേര്/തസ്തിക | സ്ഥാപനം | കാലയളവ്/ അർദ്ധവാർഷിക വരുമാനം | റിമാർക്സ് |
|---|---|---|---|
| ബാബുരാജ്/ ബ്രാഞ്ച് മാനേജർ | മൗവഞ്ചേരി സഹകരണ റൂറൽ ബാങ്ക് തലവിൽ ബ്രാഞ്ച് | ഒന്നാം അർദ്ധവർഷം/ രേഖപ്പെടുത്തിയിട്ടില്ല | 31.07.2022 ന് റിട്ടയർ ചെയ്തു |

B)എഫ്.ടി.ഇ & ഒ എസ് ലൈസൻസെടുത്ത താഴെപറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയത്) | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| ഹോട്ടൽ ബ്രോഡ് ബീൻ (ബാർ) | 10 | I,II | - |
| ദിനേശ് അപ്പാരൽ | 100 | I,II | 3 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/ 25.09.2023) മറുപടിയായി ശ്രീ ബാബുരാജ് എന്നവരിൽ നിന്നും നിയമാനുസൃത തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്നും ദിനേശ് അപ്പാരലിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടേയും തൊഴിൽനികുതിയും ലിസ്റ്റും ലഭ്യമാക്കിയ ശേഷം വിവരം ബോധിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി കൃത്യസമയത്ത് ഒടുക്കാത്തതിനാൽ പിഴ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഒടുക്കിയ തീയതി |
|---|---|
| ഇരിവേരി മെഡിക്കൽസ് | 27.03.2023 |

| | |
|---|---|
| മെട്രോഷോപ്പി ഹൈപ്പർമാർക്കറ്റ് | 20.02.2023 |
| സോറ സിൽക്സ് | 25.03.2023 |

3.തൊഴിൽനികുതി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

2022-23 വർഷം തൊഴിൽനികുതി ഒടുക്കിയ മലബാർ ടീച്ചേർസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി ഒടുക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/ 25.09.2023) മറുപടിയായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4. 2021-22 വർഷം തൊഴിൽ നികുതി ഒടുക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | സഫ സെൻർ ഇംഗ്ലീഷ് സ്കൂൾ |
| 2 | മജിലിസ് ഇംഗ്ലീഷ് സ്കൂൾ |
| 3 | ദാരത് വിദ്യാമന്ദിർ ഇംഗ്ലീഷ് സ്കൂൾ |
| 4 | ദാരത് വിദ്യാമന്ദിർ നഴ്സറി സ്കൂൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/ 25.09.2023) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 വാടക - അപാകങ്ങൾ

1. വാടക ബൈലോ - സർക്കാർ അംഗീകാരം ലഭ്യമായില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 32 മുറികളുണ്ട്. ഇവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അംഗീകൃത ബൈലോ നിലവിലില്ല. 30.11.2019 തീയതിയിലെ 20/344/19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള കരട് ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

2. വാടക മുറികൾ പുനർലേലം നടത്തി /വാടക കാലോചിതമായി പരിഷ്കരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

നിലവിൽ വാടക മുറികൾ വർഷാവർഷം 5% വർദ്ധനവ് വരുത്തി നിലവിലുള്ള ലൈസൻസിക്ക് തന്നെ പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. നിലവിൽ മുറികൾക്ക് ഈടാക്കിവരുന്ന വാടക വളരെ തുച്ഛമാണ്. വാടക കാലോചിതമായി പരിഷ്കരിച്ച് /വാടക മുറികൾ പുനർലേലം നടത്തി തനത് വരുമാന വർദ്ധനവിന്റെ സാദ്ധ്യത സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് നടപടി എടുത്തതായി കാണുന്നില്ല. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെപറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | ഷുമൈസ് ആഷിഖ്, സേഫ് ക്ലിനിക് |
| 2 | ഷേയ്ക്ക് ഫിറോസ് റോഷൻ, സേഫ് ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/22.09.2023) ക്രമനമ്പർ 1 പ്രകാരമുള്ള സ്ഥാപനം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും അപാകത ഉള്ളതിനാൽ അനുവദിച്ചില്ലെന്നും, ക്രമ നമ്പർ 2 പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ഫീസ് ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരവും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹3299515 നീക്കിയിരിപ്പുണ്ട്. ആയതിൽ ₹97161 യുടെ ഡെപ്പോസിറ്റുകൾ കാലാവധി കഴിഞ്ഞതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വർഷം | തുക (₹) |
|---|---|---|---|
| 1 | സപ്ലയേർസ് ഇ എംഡി | 2015-16 | 1200 |
| 2 | കോൺട്രാക്ടേർസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2018-19 | 6000 |
| 3 | സപ്ലയേർസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2018-19, 2019-20 | 6494 |
| 4 | കോൺട്രാക്ടേർസ് ഇ എംഡി | 2014-15 മുതൽ 2019-20 വരെ | 34870 |
| 5 | ഓക്ഷൻ ഡെപ്പോസിറ്റ് | 2014-15 മുതൽ 2019-20 വരെ | 12600 |
| 6 | അദർ ഡെപ്പോസിറ്റ് | 2015-16 മുതൽ 2019-20 വരെ | 35997 |
| | ആകെ | | 97161 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/27.9.2023) മറുപടിയായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-15 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് -പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരം | നീക്കിയിരിപ്പ്(31.03.2023) പാസ്ബുക്ക് പ്രകാരം |
|---|---|
| എസ് ബി ഐ ചക്കരക്കൽ ശാഖ (അക്കൗണ്ട് നമ്പർ - 00000037051297420 | 1057039 |

ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/29.09.2023) മറുപടി ലഭ്യമാക്കിയില്ല. ഇ-പെയ്മെന്റ് അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ- ടെണ്ടർ ഫീ ₹6,91,609 ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചു ഗ്രാമ പഞ്ചായത്തിന് നാളിതുവരെയായി ₹6,91,609 ലഭിക്കുവാനുണ്ട്.ഇുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല - ₹177000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 256/23 സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 (തനത് ഫണ്ട്) |
| ചെലവ് | ₹177000 |
| വൌച്ചർ നം. & തീയതി | 22201210/25.3.2023 |

തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4AMP നെറ്റ് വർക്ക് ക്യാമറയും 300VA പവർ ഒപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങളാണ് ഫേസ്-1 ൽ സ്ഥാപിക്കേണ്ടത്. ഇതിന് ജി എസ് ടി ഉൾപ്പെടെ 1.77 ലക്ഷം രൂപ തദ്ദേശ സ്ഥാപനം വകയിരുത്തി ജില്ലാ പഞ്ചായത്തിന് കൈമാറുന്നതാണ് പ്രോജക്ട്. ഈ പ്രോജക്ട് പ്രകാരം ₹177000 ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/22.9.2023) ക്ക് നിലവിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട രണ്ടാംഘട്ട ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണെന്നും പദ്ധതി പൂർത്തകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്ന് ജില്ലാ പഞ്ചയാത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ടി ഇനത്തിലെ ചെലവ് തുകയായ ₹177000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 242/23, എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹100000 |
| വൗച്ചർ നം. & തീയതി | 22201156/22.3.2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും

സംയുക്ത പ്രോജക്ടായാണ് എ ബി സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട് . പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/22.9.2023 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് നൽകിയത്. വിനിയോഗ സക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ ഇനത്തിലെ ചെലവ് തുകയായ ₹1,00,000 തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പരിപാടികളുടെ മോണിറ്ററിങ് റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക അടവാക്കിയത് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 184/23, കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക അടവാക്കൽ |
| അടങ്കൽ | ₹150000 (വികസന ഫണ്ട്) |
| ചെലവ് | ₹150000 |
| ബിൽ നം. & തീയതി | 83/26.8.2022 |

കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് ഒരു കുട്ടിക്ക് ₹50000 നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിക്കുന്നതാണ് പ്രോജക്ട്. ഈ പ്രോജക്ട് പ്രകാരം 3 കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ₹150000 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് (നം. 7010114000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/24.9.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. മറുപടിയുടെ/രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹150000 തടസ്സപ്പെടുത്തുന്നു. 3 കുട്ടികളുടെയും ഉപകരണങ്ങളുടെ മെയിന്റനൻസ്, ഓഡിറ്റ് കാലയളവിൽ നടന്നു എന്നതിന്റെ മോണിറ്ററിങ് റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം അടവാക്കൽ - കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പിഴ ഉൾപ്പെടെയുള്ള ₹10,66,352 കുടിശ്ശിക നൽകി - ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<table>
<tr><td>നിർവഹണ ഉദ്യോഗസ്ഥൻ</td><td colspan="3">സെക്രട്ടറി</td></tr>
<tr><td>പ്രോജക്ട് നം. & പേര്</td><td colspan="2">13/23, പഞ്ചായത്തിന്റെ വെള്ളക്കരം അടവാക്കൽ</td><td>269/23, വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ</td></tr>
<tr><td>അടങ്കൽ</td><td colspan="2">₹600000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)</td><td>₹750000</td></tr>
<tr><td>ചെലവ്</td><td colspan="2">₹600000</td><td>₹516840 (തനത് ഫണ്ട്)</td></tr>
<tr><td rowspan="2">ബിൽ നം., തീയതി, തുക</td><td>51/25.7.2022</td><td>₹5306</td><td rowspan="2">222012/25.3.2023</td></tr>
<tr><td>77/16.8.2022</td><td>₹5306</td></tr>
</table>

| | |
|---|---|
| 98/19.9.2022 | ₹5306 |
| 114/17.10.2022 | ₹5306 |
| 136/10.11.2022 | ₹5306 |
| 158/9.12.2022 | ₹5306 |
| 195/11.1.2022 | ₹5306 |
| 277/25.2.2023 | ₹13346 |
| 310/11.3.2023 | ₹549512 |

18.7.2022 ലെ സ.ഉ (സാധാ) നം.615/2022/ഡബ്ല്യൂആർഡി നം.ഉത്തരവ് പ്രകാരം ജല വിഭവ വകുപ്പ് – കേരള വാട്ടർ അതോറിറ്റി – ഊർജിത കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കര കുടിശ്ശികയായി കിടക്കുന്ന തുക അടച്ചു തീർക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കുടിശ്ശിക തുക അടവാക്കാതിരുന്നാൽ പിഴ പലിശ വർദ്ധിച്ച് ഗ്രാമ പഞ്ചായത്തിന് കടുത്ത സാമ്പത്തിക ബാധ്യത വരുമെന്നതിനാലും കുടിശ്ശിക അടവാക്കണമെന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാലും പിഴ പലിശ ഇനത്തിൽ ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനാണ് പഞ്ചായത്ത് തീരുമാനം (14.2.2023 ലെ 6/31(2)/23) പ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രോജക്ടുകളിലൂടെ ആകെ ₹10,66,352 കുടിശ്ശിക ഒടുക്കിയിട്ടുണ്ട്.

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന് കീഴിൽ 28.7.2012 തീയതി മുതൽ പുതുതായി കമ്മീഷൻ ചെയ്ത അഞ്ചരക്കണ്ടി ശുദ്ധജല പദ്ധതി പ്രകാരം 75 സ്ട്രീറ്റ് ടാപ്പുകൾ കൂടി സ്ഥാപിച്ചതിന്റെ വെള്ളക്കരം 2012 ആഗസ്റ്റ് മുതൽ 2013 ജനവരി വരെയുള്ള വെള്ളക്കരം ആയ ₹1,31,250 യഥാസമയം ഒടുക്കുന്നതിൽ വീഴ്ചയുണ്ടായതിനാലാണ് ക്രമാതീതമായ കുടിശ്ശിക ഉണ്ടായിട്ടുള്ളത്. കുടിശ്ശികയിലെ പിഴ അടച്ചാൽ അടച്ചയാളുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ വരുമെന്നതിനാൽ പിഴ ഉൾപ്പെടെയുള്ള തുക അടവാക്കാൻ സാധിക്കില്ലെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം മുഴുവനായി അടച്ചു തീർക്കുന്നപക്ഷം പിഴ ഒഴിവാക്കുന്നതിന് ഹെഡ് ഓഫീസിനോട് ശുപാർശ ചെയ്യുന്നതാണെന്ന് കേരള ജല അതോറിറ്റി കണ്ണൂർ ഓഫീസിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതി തയ്യാറാക്കി 4.3.2017 ന് ₹1,31,250 വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലേക്ക് ( A/c No. 57066508368 SBI,കണ്ണൂർ) ട്രാൻസ്ഫർ ചെയ്തിരുന്നു. ടി തുക അടവാക്കുന്നതു വരെയുള്ള പിഴ പലിശയാണ് വർദ്ധിച്ച് കുടിശ്ശിക ആയിട്ടുള്ളത്.

18.7.2022 ലെ സ.ഉ (സാധാ) നം.615/2022/ഡബ്ല്യൂആർഡി ഉത്തരവ് പ്രകാരം ₹6,09,557 (നം.KWA/WSDN /KNR/A2-(4) /10.10.2022) ഇളവും, ആംനസ്റ്റി സ്കീം പ്രകാരം ₹2,67,736 യുടെ ഇളവും ഉൾപ്പെടെ ആകെ
₹ 877293 ഇളവ് ലഭിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ 8.3.2023 ലെ 72081 നം. ഡിമാന്റ് നോട്ടീസ് പ്രകാരം 2023 മാർച്ച് മാസത്തെ വെള്ളക്കര ഡിമാന്റ് ₹13346 ഉൾപ്പെടെ കുടിശ്ശിക അടവാക്കേണ്ടത് ₹13,47,434 ആണ്. ടി തുകയുടെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായതും പൂർണ്ണമായതുമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. കുടിശ്ശിക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക കണക്കാക്കിയ ഡിമാൻഡ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി കുടിശ്ശികയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും അധിക തുക ഒടുക്കിയിട്ടുണ്ടെങ്കിൽ പലിശ സഹിതം ഈടാക്കേണ്ടതുമാണ്. മേൽ കാര്യങ്ങൾ പൂർത്തീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

വെള്ളക്കരം അടയ്ക്കൽ- സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ചു

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖ. 6.7ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ തെരുവ് ടാപ്പുകളുടെ കുടിവെള്ളക്കരം 600000 രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിച്ചാണ് ഒടുക്കിയത്. സർക്കാർ നിർദ്ദേശാനുസരണം ഫണ്ടുകൾ വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വെള്ളക്കരം അടവാക്കാൻ തനത് ഫണ്ടോ മെയിന്റനൻസ് ഗ്രാന്റോ (നോൺ-റോഡ്) വിനിയോഗിക്കാവുന്നതാണ്. തെരുവു ടാപ്പുകളുടെ വെള്ളക്കരം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിച്ചടക്കണമെന്ന സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണ്.

### 1-21 തെരുവ് വിളക്ക് സ്ഥാപിക്കൽ - കെ എസ് ഇ ബി ക്ക് സൂപ്പർവിഷൻ ചാർജ് അടവാക്കിയത് - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ₹15130 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 218/23, തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന്<br>കെ എസ് ഇ ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കൽ | |
| അടങ്കൽ - ₹41466 | ₹16466 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ₹25000 | തനത് ഫണ്ട് |
| ചെലവ് | ₹15130 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| ബിൽ നം. & തീയതി | 122/27.10.2022 | |

അർബൻ മിഷൻ പ്രകാരം എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നിതിന് കെ എസ് ഇ ബിയിൽ സൂപ്പർവിഷൻ ചാർജ് അടവാക്കുന്നതാണ് പദ്ധതി. ടി പദ്ധതി പ്രകാരം പെരളശ്ശേരി, കാടാച്ചിറ ഇലക്ട്രിക്കൽ സെക്ഷന് സൂപ്പർവിഷൻ ചാർജ്ജ് ആയി യഥാക്രമം ₹4810, ₹10320 (₹15130) അടവാക്കിയിട്ടുണ്ട്. എന്നാൽ സൂപ്പർവിഷൻ നടത്തിയത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/27.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹15130 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-22 കേളപ്പൻ മുക്ക് -പള്ളിപൊയിൽ റോഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹31330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേളപ്പൻ മുക്ക് -പള്ളിപൊയിൽ റോഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും ₹31330 (വൗച്ചർ നം. 22201232/30.3.2023) KSEB ചക്കരക്കൽ സെക്ഷന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/29.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹31330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-23 കോമത്ത് കുന്നുംമ്പ്രം ടോയ് ലറ്റ് കോംപ്ലക്സ് - റീടെൻഷൻ തുക ₹34,597 അധികം പിൻവലിച്ചത് തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് &നമ്പർ | കോമത്ത് കുന്നുംമ്പ്രം ടോയ് ലറ്റ് കോംപ്ലക്സ് (ടെയ്ക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം)- 74/23 |
| അടങ്കൽ | 3,12,413 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 2,90,898 |
| ബിൽ നം &തീയതി | 417 /27.3.2023 – ($4^{th}$ & ഫൈനൽ ബിൽ ) |
| പ്രവൃത്തി മൂല്യം | 17,17,119 |

മേൽ പദ്ധതിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ഉമേഷ് .സി എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. 4th ഫൈനൽ ബില്ലിൽ പ്രവൃത്തി മൂല്യത്തോടൊപ്പം ജി എസ് ടി 12%, റീടെൻഷൻ 41,853 എന്നിവ കൂട്ടി 2,90,898 ആണ് നൽകിയത് .

2021-22 വർഷങ്ങളിൽ $2^{nd}$ &$3^{rd}$ ഭാഗിക ബിൽ നൽകുമ്പോൾ റീടെൻഷൻ തുക ഉൾപ്പെടെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ

നിന്ന് പിൻവലിക്കുകയും സെക്രട്ടറിയുടെ അക്കൗണ്ടിൽ 799013000000178 ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകുമ്പോൾ സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ഈ റീട്ടെൻഷൻ തുക 34,597 ഉൾപ്പെടെ പ്രവൃത്തി മൂല്യത്തോടൊപ്പം കൂട്ടി അധിക തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്.

| | ഒന്നാം ഭാഗിക ബിൽ | രണ്ടാം ഭാഗിക ബിൽ | മൂന്നാം ഭാഗിക ബിൽ | നാല്&ഫൈനൽ ബിൽ |
|---|---|---|---|---|
| പ്രവൃത്തി മൂല്യം | 259132.04 | 672825 | 562801 | 222362 |
| 12% ജി എസ് ടി | 31096 | 80739 | 67536 | 26683 |
| റീട്ടെൻഷൻ | (-)7256 | 0 | 0 | (+)41853 |
| ആകെ പ്രവൃത്തി മൂല്യം | 282972 | 753564 | 630337 | 2,90,898 |
| IT | 2830 | 7536 | 5628 | 1178 |
| K C W W F | 2830 | 7536 | 5628 | 1178 |
| CG ST | 2527 | 7536 | 5628 | 1481 |
| S G ST | 2527 | 7536 | 5628 | 1481 |
| റീടെൻഷൻ | 0 | 18839 | 15758 | |
| ബാക്കി കരാറുകാരന് | 272258 | 704581 | 592067 | 285580 |
| ചെലവ് തുക വർഷം | 2020-21 | 2021-22 | 2021-22 | 2022-23 |

₹34,597 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18/24.9.2023) സെക്രട്ടറിയുടെ അക്കൗണ്ടിൽ (799013000000178) ക്രഡിറ്റ് ചെയ്ത ₹34,597 കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ₹34,597 കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 2020-21 ലെ ഒന്നാം ഭാഗിക ബില്ലിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 1% ജി.എസ്.ടി-ടിഡിഎസ് (@2830) ₹5,660 ഒടുക്കേണ്ടതാണെങ്കിലും (@2,527) ₹5,054 മാത്രമേ ഒടുക്കിയിട്ടുള്ളൂ. ബാക്കി ₹606 കരാറുകാരന്റെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തത്. ആയത് കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 1-24 കോമത്ത് കുന്നംമ്പ്രം കിണർ നിർമ്മാണം - റീടെൻഷൻ ₹1,227 ഫണ്ടിൽ നിന്നും അധികം പിൻവലിച്ചത് തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് &നമ്പർ | കോമത്ത് കുന്നംമ്പ്രം കിണർ നിർമ്മാണം -56/23 |
| അടങ്കൽ | 1,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 69,312 |
| ബിൽ നം &തീയതി | 75/10.8.2022-- 54,968 - 1-ാം ഭാഗിക ബിൽ<br>211/19.0.2023 — 14,344 - 2nd ഫൈനൽ ബിൽ |
| പ്രവൃത്തി മൂല്യം | 60,791 |
| എം ബുക്ക് | 50/21-22 |

മേൽ പദ്ധതിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ഉമേഷ്. സി എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

2022-23 വർഷം ഒന്നാം ഭാഗിക ബിൽ നൽകുമ്പോൾ റീടെൻഷൻ തുക ഉൾപ്പെടെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിക്കുകയും സെക്രട്ടറിയുടെ അക്കൗണ്ടിൽ 799013000000178 ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകുമ്പോൾ വീണ്ടും റീട്ടെൻഷൻ തുക 1227 ഉൾപ്പെടെ പ്രവൃത്തി മൂല്യത്തോടൊപ്പം കൂട്ടി അധിക തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| | ഒന്നാം ഭാഗിക ബിൽ | രണ്ടാം ഫൈനൽ ബിൽ |
|---|---|---|
| പ്രവൃത്തി മൂല്യം | 49,079 | 11712 |
| 12% ജി എസ് ടി | 5889 | 1405 |
| റീട്ടെൻഷൻ | 0 | (+) 1227 |
| ആകെ | 54968 | 14,344 |
| IT | 490 | 117 |
| K C W W F | 490 | 117 |
| CG ST | 490 | 117 |
| S G ST | 490 | 117 |
| റീടെൻഷൻ | 1227 | 1227 |
| ബാക്കി കരാറുകാരന് | 51781 | 12649 |

₹1227 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സെക്രട്ടറിയുടെ അക്കൗണ്ടിൽ (799013000000178) ക്രഡിറ്റ് ചെയ്ത ₹ 1227 കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (28/26.9.2023) മറുപടി നൽകിയിട്ടുണ്ട് . ₹1227 കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയ വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 തെക്കയിൽ കൊള്ളിയാൻ റോഡ് ടാറിംഗ് കാലിബാരൽ വില കരാറുകാരന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു-₹5236 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് &നമ്പർ | തെക്കയിൽ കൊള്ളിയാൻ റോഡ് ടാറിംഗ് -9/23 |

| | |
|---|---|
| അടങ്കൽ<br><br>ആകെ | 11,50,800 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>2,00,000 (തനത് ഫണ്ട്)<br>13,50,800 |
| ചെലവ്<br><br>ആകെ | 11,50,800<br>55,171<br>12,05,971 |
| ബിൽ നം. &തീയതി<br>വൗച്ചർ നം. &തീയതി | 291/3.3.2023<br>22201131 Dt 19.3.23 |

മേൽ പദ്ധതിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.വിനോദൻ. പി എന്ന കരാറുകാരന്റെ ടെണ്ടർ 1022017.32 അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് വേണ്ടി ഉപയോഗിച്ച ബാരലിന്റെ, കാലി ബാരൽ വില 5236+ 949 (ജി എസ് ടി) ഈടാക്കുവാനായി കണക്കാക്കിയെങ്കിലും കാലിബാരൽ വില കരാറുകാരന്റെ അക്കൗണ്ടിലേയ്ക്കാണ് (67081858808) ഒടുക്കിയിട്ടുള്ളത്.

| ഇനം | ബിൽ |
|---|---|
| പ്രവൃത്തി മൂല്യം | 1022008.89 |
| 18% ജി എസ് ടി | 183962 |
| ആകെ | 12,05,971 |
| IT | 10,221 |
| K C W W F | 10,221 |
| CG ST | 10,221 |
| S G ST | 10,221 |
| കാലി ബാരൽ ജി എസ് ടി | 949 |
